(ഡി) മത്സ്യത്തൊഴിലാളികൾ സാമ്പത്തിക സഹായത്തിനായി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇവരിൽ ഒരാൾക്ക് ചെയർമാൻസ് റിലീഫ് ഫണ്ടിൽ നിന്നു 1000 രൂപ അടിയന്തിര സഹായം നൽകിയിട്ടുണ്ട്. അപേക്ഷകർക്ക് ഇൻഷ്വറൻസ് പദ്ധതി പ്രകാരം തുക അനുവദിക്കുന്ന മുറയ്ക്ക് സഹായധനം നൽകുന്നതാണ്.

മത്സ്യബന്ധനത്തിനുപോയ മത്സ്യത്തൊഴിലാളികളുടെ മരണവും മത്സ്യബന്ധന ഉപകരണങ്ങളുടെ നഷ്ടവും

111 [1090] ശ്രീ. ടി. എൻ. പ്രതാപൻ:
" ടി. യു. രാധാകൃഷ്ണൻ:
" ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ മേയ്, ജൂൺ മാസങ്ങളിൽ മഴക്കാലത്ത് കടലിൽ മത്സ്യബന്ധനത്തിനു പോയ എത്രപേർ മരണപ്പെട്ടു;

(ബി) എത്രപേരെ കാണാതായി; കാണാതായവരെ പിന്നീട് കണ്ടെത്തിയോ;

(സി) മരണപ്പെട്ടവരുടെ ആശ്രിതർക്ക് എന്ത് ആശ്വാസം നൽകിയെന്നും മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് എന്ത് സഹായം നൽകി എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്തുപേർ മരണപ്പെട്ടു.

(ബി) 10 പേരെ കാണാതായി ഇതുവരെ കണ്ടെത്തിയിട്ടില്ല.

(സി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവരുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് ക്ലെയിം ലഭിക്കുന്ന മുറയ്ക്ക് ധനസഹായം നൽകും. മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് മത്സ്യഫെഡ് വഴി സഹായം നൽകുന്നുണ്ട്.

കാലവർഷക്കെടുതിമൂലം കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ

112 [1091] ശ്രീ. വി. ജെ. പൗലോസ്:
" എം. എ. ചന്ദ്രശേഖരൻ:
" അടൂർ പ്രകാശ്:
" പി. ടി. തോമസ്:
" എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കാലവർഷക്കെടുതി മൂലം കഷ്ടതയനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly